**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1975** **16-03-2022 - ൽ മറുപടിയ്ക്ക്**

**കൃഷ്ണമേനോൻ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ സി.ആർ.സെഡ്. ക്ലിയറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | null<br>(മുഖ്യമന്ത്രി) | |
| (എ) | തലശ്ശേരി നിയോജക മണ്ഡലത്തിലെ കൃഷ്ണമേനോൻ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട സി.ആർ.സെഡ്. ക്ലിയറൻസിനുള്ള അപേക്ഷയിന്മേൽ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സി.ആർ.ഇസഡ് അനുമതിയ്ക്കായുള്ള അപേക്ഷ തീരദേശ പരിപാലന അതോറിറ്റിയിൽ 15.01.2022 ൽ ലഭിച്ചു. അപേക്ഷ പൂർണ്ണമല്ലാത്തതിനാൽ, അനുമതിയ്ക്കായി ചുവടെ ചേർത്തിരിക്കുന്ന ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണെന്ന് തീരദേശ പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറി തലശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. 1. അപേക്ഷ ഫാറം 1 2. ബഡ്ജറ്റ് എസ്റ്റിമേറ്റ് 3. പരിശോധനാ ഫീസ് 4. സി.ആർ.ഇസഡ് സ്റ്റാറ്റസ് റിപ്പോർട്ട് 5. പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവയിൽ നിന്നുള്ള നിരാക്ഷേപ പത്രം. 6. ഡിസാസ്റ്റർ മാനേജ്മെന്റ് & റിസ്ക് അസസ്സ്മെന്റ് പ്ലാൻ മേൽ സൂചിപ്പിച്ച രേഖകൾ സഹിതം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തീരദേശ പരിപാലന അതോറിറ്റിയുടെ യോഗത്തിൽ സമർപ്പിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ